(എഫ്) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പരിഗണനയിലില്ല.

കസ്റ്റഡി മരണങ്ങൾ

19 (5926) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 2006-ന് ശേഷം കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എത്രയെന്നും ഇതിൽ മരണമടഞ്ഞവർ ആരെല്ലാമെന്നും അറിയിക്കുമോ ;

(സി) കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) ടി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കേസ് (ക്രൈം നമ്പർ 7/10) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാബു (58), S/o മാർക്കോസ് പാലേലി, കാട്ടാക്കട എന്നയാളാണ് മരണമടഞ്ഞത്.

(സി) കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുത്തുവന്നിരുന്ന 2 പോലീസ് ഉദ്യോഗസ്ഥരെ (ഹെന്റേഴ്സൺ ഗ്രേഡ് എച്ച്.സി. 3625, മുഹമ്മദ് അലി ഗ്രേഡ് എച്ച്. സി. 9543) അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ 1958-ലെ കെ.പി.ഡി.ഐ.പി. ആന്റ് എ. റൂൾസ് പ്രകാരം ശ്രീ. ഒ. എ. സുനിൽ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, ശ്രീ. ഐ. ഡബ്ല്യു ഹെന്റേഴ്സൺ, ഗ്രേഡ് എച്ച്സി.റ്റി. 3625, ശ്രീ. എം. മുഹമ്മദ് അലി, ഗ്രേഡ് എച്ച്.സി.റ്റി. 9543 എന്നിവർക്കെതിരെ ഒരു ജോയിന്റ് ഓറൽ എൻക്വയറി നടത്താൻ ഉത്തരവിടുകയും ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ പ്രസ്തുത എൻക്വയറി നടത്താൻ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള പദ്ധതികൾ

20 (5927) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly